കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോട്ടയം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്-2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ
e-mail:*lfaddistofficeknr@gmail.com*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൻ.ആർ./സി8/2096/16.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം-കണ്ണൂർ – 670001.
e-mail:*lfaddistofficeknr@gmail.com*

ഫോൺ: 04972707698

തിയ്യതി. 30-12-2016.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

കോട്ടയം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: കോട്ടയം ഗ്രാമപഞ്ചായത്ത് 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 2-1,3-1,3-2 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ്

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഇ-മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം).

3)കാര്യാലയ പ്രതി.

നം.കെ.എസ്.എ. കെ.എൻ.ആർ./സി8/2096/2016. തീയതി : 30-12-2016.

# കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ്

# കണക്കുകളിന്മേലുള്ള
# ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 18.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 13എണ്ണം നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഈ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | അശോകൻ മഠത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 19.11.2016 മുതൽ 30.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശശീന്ദ്രൻ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീജ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | കെ.പി .നസീർ | 01.04.2015.മുതൽ31.10.2015വരെ |
| ഭരണനിർവ്വഹണകമ്മിറ്റി | കെ.ദിവാകരൻ, സെക്രട്ടറി<br>മീര.യു, കൃഷി ഓഫീസർ<br>സുമതി.കെ, ഐ.സി.ഡി. എസ് സൂപ്പർ വൈസർ | 1.11.2015.മുതൽ 18.11.2015 വരെ |
| പ്രസിഡണ്ട് | ഷബ്ന .ടി | 19.11.2015.മുതൽ31.03.2016വരെ |

2.നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | കെ.ദിവാകരൻ | 01.04.2015.മുതൽ08.06.2015വരെ |
| | മുഹമ്മദ് റഫീഖ്.പി<br>അസി.സെക്രട്ടറി<br>(ചാർജ്) | 09.06.2015.മുതൽ12.07.2015വരെ |
| | കെ.ദിവാകരൻ | 13.07.2015.മുതൽ23.11.2015വരെ |
| | മുഹമ്മദ് റഫീഖ്.പി<br>അസി.സെക്രട്ടറി<br>(ചാർജ്) | 24.11.2015.മുതൽ13.12.2015വരെ |
| | കെ.ദിവാകരൻ | 14.12.2015.മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | മീര.യു | 01.04.2015.മുതൽ31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | പ്രണാം.കെ.ടി | 01.04.2015.മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.ഷൈജി | 01.04.2015.മുതൽ31.03.2016വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ജസീർ.പി.വി | 01.04.2015.മുതൽ20.12.2015വരെ |
| | വിൽഫ്രഡ് സാജൻ | 21.12.2015.മുതൽ19.01.2016വരെ |
| | കവിത.കെ.കെ | 20.01.2016.മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.വിനീതജനാർദ്ദനൻ | 01.04.2015.മുതൽ31.03.2016വരെ |
| അസി.സെക്രട്ടറി | മുഹമ്മദ് റഫീഖ്.പി | 01.04.2015.മുതൽ31.03.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | പ്രീത.പി.എം | 01.04.2015.മുതൽ01.08.2015വരെ |
| | സുമതി.കെ | 02.08.2015.മുതൽ12.11.2015വരെ |
| | റീന കുമാരി.എ.കെ. | 13.11.2015.മുതൽ05.01.2016വരെ |
| | രേഷ്മ.വി | 06.01.2016.മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ(ജി,എ.ഡി) | ഡോ.ഹരിപ്രസാദരുദ്ര | 01.04.2015.മുതൽ31.03.2016വരെ |
| ഹെഡ് മാസ്റ്റർ | രമാദേവി.പി.പി | 01.04.2015.മുതൽ01.06.2015വരെ |
| | പി.പി.വിനോദ് കുമാർ | 02.06.2015.മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 – പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ഗ്രാമ സഭ. | 1-7 | |
| 8 | ദുരിദാശ്വാസ നിധി | 1-8 | |
| 9 | മോണിറ്ററിംഗ് | 1-9 | |
| 10 | തനത് വരുമാനം | 1-10 | |
| 11 | ക്ഷേമപദ്ധതികൾ | 1-11 | |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 | |
| 13 | ആഭ്യന്തരനിയന്ത്രണം | 1-13 | |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 | |
| | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | വസ്തു നികുതി – പിരിച്ചെടുക്കാനുള്ള കുടിശ്ശിക 9.6 ലക്ഷം രൂപ -കുടിശ്ശക പിരിച്ചെടുക്കാൻ നടപടികൾ ഊർജ്ജിതപ്പെടുത്തണം | 2-1 | |
| 16 | മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ് | 2-2 | |
| 17 | ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല. | 2-3 | |
| | ഭാഗം 3 -ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | തെരുവ് വിളക്കിന് എ.എം.സി -പണം മുൻകൂർ പിൻവലിച്ചു -വ്യവസ്ഥകൾ പാലിക്കാതെ കരാർ നൽകി | 3-1 | |
| 19 | തെരുവു വിളക്ക് വൈദ്യുതിചാർജ്-സംയുക്തപരിശോധന നടത്തി വിളക്കുകളുടെ എണ്ണം,തരം എന്നിവ തിട്ടപ്പെടുത്തേണ്ടതാണ് | 3-2 | |
| 20 | സ്കൂളുകൾക്ക് പത്രവിതരണം -പദ്ധതിപണം മുൻകൂർ നൽകി -നിർവ്വഹണത്തിൽ അപാകതകൾ | 3-3 | |
| 21 | ഐ.സി.ഡി.എസ് സൂപ്രവൈസർ നിർവ്വഹണം നടത്തിയ | 3-4 | |

| | | | |
|---|---|---|---|
| | പ്രൊജക്ടുകളിലെ പൊതു അപാകങ്ങൾ | | |
| 22 | മാലിന്യസംസ്കരണ പരിപാടികൾ - നിർവ്വഹണത്തിൽ അപാകതകൾ | 3-5 | |
| 23 | സുസ്ഥിര പ്ലാസ്റ്റിക് മാലിന്യപരിപാലന പരിപാടി തുടർപ്രവർത്തനം നടന്നില്ല- നിർവ്വഹണത്തിൽ അപാകതകൾ | 3-6 | |
| 24 | അർഹത ഉറപ്പ് വരുത്താതെ ആനുകൂല്യം നൽകി | 3-7 | |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമല്ല. | 3-8 | |
| 26 | റോഡ് പ്രവൃത്തികളിലെ ഒഴിഞ്ഞ ടാർ ബാരൽ വിലയിനത്തിൽ തനത് ഫണ്ടിൽ നിക്ഷേപിച്ച തുക ബന്ധപ്പെട്ട അകൗണ്ടുകളിലേക്ക് തിരിച്ചടക്കേണ്ടതാണ് | 3-9 | |
| 27 | ഇ-ടെണ്ടർ -ടെണ്ടർഫോറം വില തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-10 | |
| 28 | മരാമത്ത് പ്രവൃത്തികളുടെ ഗ്യാരണ്ടികാലയളവിലെ അറ്റകുറ്റപണികൾ കരാറുകാർ തന്നെ പരിഹരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 3-11 | |
| 29 | തുടർസാക്ഷരതപ്രവർത്തനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-12 | |
| 30 | ബി-ഫണ്ട്- പെൻഷൻ- ക്ഷേമപെൻഷൻ രേഖകളും രജിസ്റ്ററുകളും കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്. | 3-13 | |
| | ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 40 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - | |
| 41 | അനുബന്ധം 2 ബാലൻസ് ഷീറ്റ് | | |
| 42 | അനുബന്ധം 3 ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് | | |
| 43 | അനുബന്ധം 4 റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു

| ഇനം | ഒറിജിനൽ | പുതുക്കിയത് |
|---|---|---|
| അംഗീകരിച്ച നം/തീയ്യതി | 31/15 തീ.18.03.2015 | 27/16 തീ.29.02.2016 |
| മുന്നിരിപ്പ് | 47,71,641 | 74,28,824 |
| വരവ് | 8,46,20,488 | 7,62,24,596 |
| ആകെ | 8,93,92,129 | 8,36,53,420 |
| ചെലവ് | 8,57,07,900 | 7,94,52,166 |
| നീക്കിയിരിപ്പ് | 36,84,229 | 42,01,254 |

പഞ്ചായത്തിന്റെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. അതേസമയം പുതുക്കിയ ബജറ്റ് പാസാക്കിയപ്പോഴും യഥാർത്ഥവരവിൽ നിന്നും യാതൊരു ബന്ധമില്ലാത്ത രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്.ഇതിന് ചില ഉദാഹരണങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നം. | നികുതി ഇനം | ബജറ്റ് പ്രകാരം വരവ് | പുതുക്കിയ ബജറ്റ് പ്രകാരം വരവ് | യഥാർത്ഥ വരവ് |
|---|---|---|---|---|
| 1 | വസ്തു നികുതി | 28,50,000 | 27,75,000 | 19,28,743 |
| 2 | സേവന നികുതി | 2,25,000 | 60,000 | 29,502 |
| 3 | തൊഴിൽ നികുതി | 9,00,000 | 7,50,000 | 6,97,680 |
| 4 | പരസ്യ നികുതി | 25,000 | 15,000 | 9,300 |
| 5 | വാടക | 5,00,000 | 2,50,000 | 1,64,088 |
| 6 | ലൈസൻസ് ഫീസ് | 60,000 | 95,000 | 64,036 |
| 7 | പെർമിറ്റ് ഫീസ് | 3,00,000 | 4,00,000 | 1,06,203 |

ഇതിൽ ലൈസൻസ് ഫീസ് ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികം ലഭിച്ചതായി കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ കുറേക്കൂടി സൂക്ഷ്മതയും ജാഗ്രതയും ഉണ്ടാവേണ്ടതും അവ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.07.2016 | 28.07.2016 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|

| | | |
|---|---|---|
| 2015-16 | 25.11.2016&<br>26.11.2016 | വിശേഷണങ്ങളോട് കൂടിയത് |

ന്യൂനതകൾ

1. ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
2. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. അക്കൗണ്ടിൽ ഇംപ്രസ്റ്റ് അക്കൌണ്ട് ഉൾപ്പെട്ടിട്ടില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ അക്കൌണ്ടുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
5. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 94,91,176 |
| വരവ് * | 2,40,67,084 |
| ആകെ | 3,35,58,260 |
| ചെലവ് * | 2,91,95,546 |
| നീക്കിയിരിപ്പ് | 43,62,714 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ** | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 209502 | 2303989<br>*2884486 | 5397977 | 5397977 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 28000 | 464811 | 492811 | 464811<br>*28000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 436029 | 2522945 | 2958974 | 2954708 *4266 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2125384 *4266 | 2129650 | 2129650 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3639052 | 3639052 | 2535460 *1103592 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 1976237 | 1752894 | 3729131 | 1976237 *1752894 | 0 | 100 |
| എൻ.ആർ.ഇ.ജി.എസ്. | 0 | 256704 | 256704 | 256405 | 299 | 99.88 |
| ബി ഫണ്ട് | 0 | 439824 | 439824 | 439824 | 0 | 100 |

* ട്രാൻസഫർ ക്രഡിറ്റ് ചെയ്യുക

**റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 127 | 27128272 | 124 | 19668659 | 25 | 3 | 77.42% |

അംഗീകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിയിൽ 2015-16 വർഷം പഞ്ചായത്ത് ഏറെ പുരോഗതി കൈവരിച്ചതായി കണക്കുകളിൽനിന്നും വ്യക്തമാകുന്ന്. കൃഷി ഓഫീസർ,വെറ്റിനറി സർജൻ,ഐ.സി.ഡി.എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ(ജി.എ.ഡി), മെഡിക്കൽ ഓഫീസർ(അലോപ്പതി), ഹെഡ് മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ അംഗീകാരം ലഭിച്ച എല്ലാ പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുകയുടെ ഏതാണ്ട് 50% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. മാലിന്യസംസ്കരണം,മാലിന്യ പരിപാലനം പോലുള്ള പ്രൊജക്ടുകൾ വിജയം

കാണാതെ പോയി. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 17 | 4084905 | 3003244 | 73.52 |
| കൃഷി ഓഫീസർ | 08 | 08 | 616885 | 515635 | 83.59 |
| വെറ്റിനറി സർജൻ | 06 | 06 | 1101750 | 397500 | 36.08 |
| വി.ഇ.ഒ | 11 | 10 | 2974775 | 1567726 | 52.70 |
| അസി.എഞ്ചിനിയർ | 48 | 42 | 13227211 | 10147578 | 76.72 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05 | 05 | 2861875 | 2139626 | 74.76 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 03 | 03 | 497000 | 497000 | 100 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 09 | 09 | 994390 | 707934 | 71.19 |
| ഹെഡ് മാസ്റ്റർ | 04 | 04 | 149670 | 149670 | 100 |
| അസി.സെക്രട്ടറി | 08 | 08 | 619811 | 542746 | 87.57 |

## 1-7 ഗ്രാമ സഭ

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്. പഞ്ചായത്തിലെ 14 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ മൂന്ന് തവണമാത്രമേ ഗ്രാമ സഭകൾ ചേർന്നിട്ടുള്ളൂ. ഇതിൽ രണ്ടെണ്ണം പദ്ധതി ആസൂത്രണ ഗ്രാമസഭകളും ഒരെണ്ണം പരാതിപരിഹാര അദാലത്തിനുള്ള പ്രത്യേക ഗ്രാമസഭയുമാണ് ചേർന്നിട്ടുള്ളത്. ചേരുന്ന ഗ്രാമസഭകളിൽ എടുക്കുന്ന തീരുമാനങ്ങൾ മിനുട്സിൽ വിശദമായി രേഖപ്പെടുത്തുന്നില്ല. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്. 1997ലെ KPR(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭ കളിൽ ചർച്ച ചെയ്യപ്പെടുന്നില്ല എന്നതും പോരായ്മയാണ്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതഅനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപികരിക്കണമെന്ന് 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം 29694/-രൂപ അക്കൗണ്ടിൽ സ്വരൂപിച്ചിട്ടുണ്ട്. തൻവർഷം മുൻബാക്കി

ഉൾപ്പെടെ 32000/- രൂപ ചെലവഴിച്ചിട്ടുമുണ്ട്. 31.03.2016 തീയ്യതിയിൽ 41352/-രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്.വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2015-16 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റരീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ് .

## 1-10 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | വർഷം 2014-15 | വർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3397300 | 2117785 | 1279515 | 37.66 (-) |
| നികുതിയേതര വരവുകൾ | 629130 | 701516 | 72386 | 10.32 (+) |
| മറ്റുവരവുകൾ | ഇല്ല | ഇല്ല | ഇല്ല | - |
| ആകെ | 4026430 | 2819301 | 1207129 | 29.98 (-) |

മുൻവർഷത്തെ അപേക്ഷിച്ച് തനതു വരുമാനത്തിൽ വന്ന ഗണ്യമായ കുറവ് ഗൗരവപൂർവ്വം പരിശോധിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 170880 | 101 |
| കർഷകതൊഴിലാളി വേതനം | 2270250 | 215 |
| വിധവാപെൻഷൻ | 5621880 | 465 |
| വാർദ്ധക്യകാലപെൻഷൻ | 6457050 | 763 |
| വികലാംഗപെൻഷൻ | 1735655 | 127 |
| 50 വയസ് തികഞ്ഞ അവിവാഹിത പെൻഷൻ | 1296480 | 112 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2016ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 21344/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്ന് പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നുണ്ട്.എന്നിരുന്നാലും ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2016 | 01.08.2016 മുതൽ 30.09.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.08.2005 മുതൽ 09.09.2005 വരെ | 1997-98 മുതൽ 2004-05 വരെ | 27.09.05 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി -പിരിച്ചെടുക്കാനുള്ള കുടിശ്ശിക 9.6ലക്ഷം രൂപ -കുടിശ്ശക പിരിച്ചെടുക്കാൻ നടപടികൾ ഊർജ്ജിതപ്പെടുത്തണം

സഞ്ചയ സോഫ്ററ് വെയറിൽ നിന്നും ലഭ്യമാക്കിയ ഡി. സി.ബി റിപ്പോർട്ട് പ്രകാരം 2015-16 സാമ്പത്തിക വർഷം തൻവർഷം പിരിച്ചെടുക്കാൻ ബാക്കിയുള്ളതും മുൻവർഷത്തെ കുടിശ്ശികയുമുൾപ്പെടെ വസ്തുനികുതി ഇനത്തിൽ (സേവന നികുതിയും ഗ്രന്ഥശാല വരിയും ഉൾപ്പടെ) 959746/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | പിരിവ് | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |
| 465686 | 2075333 | 2541019 | 148820 | 1432453 | 1581273 | 316866 | 642880 | 959746 |

മേൽ പട്ടിക പ്രകാരം കുടിശ്ശിക പിരിവ് 31.95% വും തൻവർഷത്തെ നികുതി പിരിവ് 69.02% വുമാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് സമാഹരണം മെച്ചപ്പെടുത്തുന്നതിനായി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും മറ്റു നികുതി ഇനങ്ങൾ എന്നപോലെ വസ്തുനികുതിയും 100% പിരിച്ചെടുക്കാൻ ശ്രമിക്കേണ്ടതുമാണ്.

### 2-2 മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്

2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ പുതിയതായി 18 കെട്ടിടങ്ങൾക്ക് വാണിജ്യ ആവശ്യത്തിനെന്ന നിലയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം മേൽ കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകിയിട്ടില്ല. ആയതിനാൽ ഇത്തരം കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്നുണ്ടെങ്കിൽ ആയത് പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടാതെ പോവുകയും തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട വരുമാനം ലഭ്യമാകാതെ പോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകാൻ ഇടയുണ്ട്. മാത്രവുമല്ല പ്രസ്തുത കെട്ടിടങ്ങളിൽ ഡി & ഒ ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യും. ആയതിനാൽ സെക്ഷൻ 205 (ബി) പ്രകാരം നികുതിക്ക് വിധേയവരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആവശ്യപ്പെടേണ്ടതാണ്.

### 2-3 ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിച്ച 310 അപേക്ഷകളിൽ 36 എണ്ണം മാത്രമാണ് യഥാസമയം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ബാക്കിയുള്ളവ മേൽ സമയക്രമം പാലിച്ചിട്ടില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | വാർഡ്/കെട്ടിട നം | ആവശ്യം | അപേക്ഷ തീയതി |
|---|---|---|---|---|
| 1 | ആലക്കാട് ഹരിദാസൻ | 9/204 | പലചരക്ക് | 31/03/16 |
| 2 | കിരൺ അശോക് | 6/127 | സ്റ്റുഡിയോ | 29/03/16 |
| 3 | സനിൽ കുമാർ ടി | 8/156 | വെൽഡിംഗ് | 26/03/2016 |
| 4 | ഷനിൽ കുമാർ | 8/183 | സ്റ്റുഡിയോ | 18/12/2016 |

1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232(1) പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലം ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ ലൈസൻസ് യഥാസമയം പുതുക്കാത്ത സ്ഥാപനങ്ങൾ ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചതായി കണക്കാക്കി പഞ്ചായത്ത് രാജ് ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കിന് എം.എം.സി -പണം മുൻകൂർ പിൻവലിച്ചു -വ്യവസ്ഥകൾ പാലിക്കാതെ കരാർ നൽകി.

പ്രൊജക്ടിന്റെ പേര് -തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി

പ്രൊജക്ട് നം -11/16

അടങ്കൽ -2,00,000 (വികസനഫണ്ട്),49960/-തനതുഫണ്ട്

ബിൽ നം -30/29.03.2016

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാക്കിക്കൊണ്ട് ടെൻഡറിംഗ് സംവിധാനം വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക്നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.09.2011 ലെ 3055/ഡി.എ3/2011 നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് വഴി നിർവ്വഹണം നടത്തുവാൻ ഉദ്ദേശിച്ചിരുന്ന പ്രൊജക്ട് താഴെ പറയുന്ന അപാകതകൾ സംഭവിച്ചതിനാൽ കുറ്റമറ്റരീതിയിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

1) മേൽ സർക്കുലർ പ്രകാരം തെരുവ് വിളക്കിന് അറ്റകുറ്റപ്പണി എ.എം.സി.മുഖേന നിർവ്വഹിക്കുമ്പോൾ ഒട്ടേറെ നടപടിക്രമങ്ങൾ പാലിക്കേണ്ടതായുണ്ട്. കരാർ വെച്ചപ്പോൾ കരാറിൽ ഉൾപ്പെടുത്തേണ്ട പലവ്യവസ്ഥകളും ചേർക്കാതെയാണ് കരാർ വച്ചിട്ടുള്ളത്. കരാറുകാരന്റെ ഉത്തരവാദിത്വവും ചുമതലയും എന്തെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. അതേസമയം സർക്കുലറിൽ പറഞ്ഞിട്ടില്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തിയതായും കാണുന്നു. "പ്രവൃത്തിസമയത്ത് കരാറുകാരന് സംഭവിച്ചേക്കാവുന്ന അപകടം, അതുമൂലമുണ്ടാകുന്ന നഷ്ടപരിഹാരം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വം ഉണ്ടാകുന്നതല്ല" എന്ന ഗൗരവമേറിയ വിഷയം ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാരന് പണം മുൻകൂറായി നൽകാമെന്നും തുക മുൻകൂറായി നൽകിയതിന് ശേഷം മാത്രമേ കരാറുകാരന് പ്രവൃത്തി നടത്തേണ്ട ഉത്തരവാദിത്വം ഉള്ളൂ എന്നും കരാറിൽ ഉൾപ്പെടുത്തിയത് സർക്കാർ നിശ്ചയിച്ചുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. സർക്കുലറിൽ കരാർ പ്രകാരമുള്ള തുകയുടെ ആനുപാതിക തുക വ്യവസ്ഥകൾ നിറവേറ്റുന്ന മുറക്ക് മൂന്ന് മാസം കൂടുമ്പോൾ നൽകാമെന്നാണ് പറഞ്ഞിട്ടുള്ളത്.

അപാകതകൾക്ക് നൽകിയ മറുപടിയിൽ പ്രവൃത്തിസമയത്ത് കരാറുകാരന് സംഭവിച്ചേക്കാവുന്ന അപകടം ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വം ഉണ്ടാകുന്നതല്ല എന്ന കാര്യം ടെണ്ടർ ഷെഡ്യൂളിൽ പറഞ്ഞിട്ടുണ്ടെന്നാണ്. എന്നാൽ ഇക്കാര്യം കരാറിൽ പറയാത്തത് ന്യൂനതയാണ്.

2) തെരുവ് വിളക്കുകളും സാമഗ്രികളും സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പ്രദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും കെ.എസ്.ഇ.ബി.യിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതായുണ്ട്. അതുപോലെതന്നെ എ.എം.സി കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ലാ സംഗതികളും പ്രവർത്തനനിരതമാണോയെന്ന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അധികാരികളും കരാറുകാരനും ഉറപ്പുവരുത്തേണ്ടതും ഇത് സംബന്ധിച്ച് സ്ഥാപനത്തിന്റെയും കെ.എസ്.ഇ.ബിയുടെയും ബന്ധപ്പെട്ട അധികാരികളും കരാറുകാരനും കരാറിന്റെ പ്രാരംഭഘട്ടം മുതൽ സംയുക്ത പരിശോധന നടത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു സംയുക്ത പരിശോധനനടത്തിക്കാണുന്നില്ല.ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി മറുപടിയിൽ അറിയിക്കുകയുണ്ടായി.

3) കരാറുകാരന് തുക നൽകുന്നതിന് 2,00,000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 29.03.2016 പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ പിൻവലിച്ച തുകയിൽ കരാറുകാരന് 75165/-രൂപ മാത്രമേ നൽകിട്ടുള്ളൂ. ബാക്കി തുക ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇതിൽ നിന്നും ആദായ നികുതി വകുപ്പ് സെക്ഷൻ 194 സി പ്രകാരം ആദായ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്. കരാറുകാരന് തുക നൽകാതെ സർക്കാർ ഫണ്ട് മാത്രം കാലേക്കൂട്ടി പിൻവലിച്ചത് ധനകാര്യ വകുപ്പിന്റെ ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 ലെ ഉത്തരവിന്റെ ലംഘനമാണ്. പ്രവൃത്തി വിജയകരമായി പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ കരാർ കാലാവധികഴിഞ്ഞിട്ടും പിൻവലിച്ച തുക കരാറുകാരന് നൽകാത്തത് എന്തുകൊണ്ടാണ് വ്യക്തമല്ല. മുൻകൂർതുക നൽകുമെന്ന് കരാറിൽ വ്യവസ്ഥ ഉൾപ്പെടുത്തിയ ശേഷം മറ്റുതടസ്സങ്ങളില്ലാത്തപക്ഷം പണം നൽകാതെ കരാർ വ്യവസ്ഥക്ക് വിരുദ്ധമായി പ്രവൃത്തിച്ചതിന് കരാറുകാരൻ നഷ്ട പരിഹാരത്തിന് തുടർ നടപടി സ്വീകരിക്കുന്നപക്ഷം പഞ്ചായത്തിനുണ്ടായേക്കാവുന്ന ധനനഷ്ടത്തിന് ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥരായിരിക്കും.

പണം മുൻകൂർ പിൻവലിച്ചത് നൽകാതിരുന്നത് സംബന്ധിച്ച് നൽകിയ മറുപടിയിൽ 50%തുക റിട്ടെൻഷൻ പിടിക്കേണ്ടതുകൊണ്ടാണ് തുക നൽകാത്തതെന്നാണ്. എന്നാൽ കരാറുമ്പടിയിൽ പറയാതെ കരാറുകാരനിൽ നിന്നും തുക റിട്ടെൻഷന്റെ പേരിൽ പിടിക്കുന്നത് ശരിയല്ല.

4) തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട് പരാതികൾ റജിസ്റ്റർ ചെയ്യുന്നതിന് പരാതി റജിസ്റ്റർ സൂക്ഷിക്കണമെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു പരാതി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ ചൂണ്ടിക്കാണിച്ച എല്ലാ അപാകതകളും പരിഹരിച്ച് സർക്കാർ നിശ്ചയിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും കാര്യക്ഷമമായും കുറ്റമറ്റരീതിയിലും നടത്തേണ്ടതാണ്.

## 3-2 തെരുവു വിളക്ക് വൈദ്യുതിചാർജ്-സംയുക്തപരിശോധന നടത്തി വിളക്കുകളുടെ എണ്ണം,തരം എന്നിവ തിട്ടപ്പെടുത്തേണ്ടതാണ്.

തെരുവു വിളക്കുകളുടെ എനർജി ചാർജിനത്തിൽ പ്രതിമാസം 18228രൂപ ഒടുക്കിവരുന്നുണ്ട്. 2015-16 ൽ ഈയിനത്തിലെ ആകെ ചെലവ് 2,19,546 രൂപയാണ്. എന്നാൽ ഈ ഒടുക്കുന്ന തുക ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തനക്ഷമമായ വിളക്കുകളുടെ എനർജി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലുള്ളതാണോയെന്ന് വ്യക്തമല്ല, 2012-13 ൽ അസിസ്റ്റന്റ് എഞ്ചിനിയർ ഇലക്ട്രിക്കൽ സർക്കിൾ കുത്തുപറമ്പ് സാക്ഷ്യപ്പെടുത്തിയ ബിൽ ഇൻവോയ്സ് പ്രകാരം നിലവിലുണ്ടായിരുന്ന തെരുവുവിളക്കുകളുടെ സ്ഥിതിവിവരം ചുവടെ കൊടുക്കുന്നു.

| സ്ഥാപിച്ച വിളക്കുകളുടെ പേര് | തരം | എണ്ണം |
|---|---|---|
| Tube | 40W | 167 |
| Tube | 60W | 15 |
| Tube | 2x40W | 2 |
| SVL | 80W | 3 |
| CFL | 2x11W | 81 |
| CFL | 15W | 20 |
| FL Tube | 40W | 23 |

എന്നാൽ 2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 5/23-11-2016 പ്രകാരം നിലവിലുള്ള തെരുവുവിളക്കുകളുടെ ഇൻവോയ്സ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ പട്ടിക ചുവടെകൊടുക്കുന്നു.

| സ്ഥാപിച്ച വിളക്കുകളുടെ പേര് | തരം | എണ്ണം |
|---|---|---|

| | | |
|---|---|---|
| FTL | 40W | 190 |
| Ordinary Tube | 60W | 15 |
| Ordinary Tube | 2x40W | 27 |
| SVL | 80W | 3 |
| CFL | 2x11W | 97 |
| CFL | 15W | 20 |

കെ.എസ്.ഇ.ബി ഹാജരാക്കിയ 2012-13 ലെ ബിൽ ഇൻവോയ്സ് പ്രകാരമുള്ളതും, 2015-16 ലെ ബിൽ ഇൻവോയ്സ് പ്രകാരമുള്ളതുമായ വിളക്കുകളുടെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. 2013-14 ൽ, 2x11W 110വിളക്കുകളും, 2015-16ൽ 70 വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട് എന്നാൽ 2015-16 ൽലഭ്യമാക്കിയ CFL വിളക്കുകൾ ആകെ എണ്ണം 117 എന്നാണ് ഇൻവോയ്സ് പ്രകാരം കാണുന്നത്. അതുപോലെ ordinary Tube നിലവിൽ സ്ഥാപിച്ചതായാണ് ഇൻവോയിസിൽ കാണിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിലുള്ള വിളക്കുകൾ യഥാർത്ഥത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് പ്രതിമാസം ഒടുക്കുന്ന തെരുവുവിളക്ക് എനർജി ചാർജ്ജും,ഉപഭോഗവും പൊരുത്തപ്പെടുന്നുണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും, യഥാർഥത്തിൽ ഉപയോഗത്തിലുള്ള വിളക്കുകളുടെ കണക്കുകൾ സംയുക്തപരിശോധനയിൽ തിട്ടപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പരിശോധനയിൽ വിളക്കുകളുടെ എണ്ണത്തിലും. തരത്തിലും വ്യത്യാസം ഉണ്ടാകുന്നപക്ഷം എനർജിചാർജിനത്തിൽ അധികമായി ഒടുക്കിയ തുക ക്രമീകരിച്ചു കിട്ടുന്നതിനുള്ള നടപടികകളും സ്വീകരിക്കേണ്ടതാണ്.

## 3-3 സ്കൂളുകൾക്ക് പത്രവിതരണം -പദ്ധതിപണം മുൻകൂർ നൽകി -നിർവ്വഹണത്തിൽ അപാകതകൾ

പ്രൊജക്റ്റിന്റെ പേര് -സ്കൂളുകൾക്ക് പത്രവിതരണം

പ്രൊജക്റ്റ് നം -6316

അടങ്കൽ -24000 (വികസനഫണ്ട്)

ബിൽ നം -3/25.02.2016

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ഒരു സർക്കാർ ഹൈസ്കൂളിനും 12 എയിഡഡ് സ്കൂളുകൾക്കും പത്രം വിതരണം ചെയ്യുന്നതിനാണ് മേൽ പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ദേശാഭിമാനി പത്രത്തിന്റെ ഫീൽഡ് ഓർഗനൈസറുമായി 20.10.2015 തീയ്യതിയിൽ ഉണ്ടാക്കിയ കരാർ പ്രകാരം 29.10.2015തീയ്യതി മുതൽ 28.10.2016വരെ ഒരു വർഷത്തേക്കാണ് 13സ്കൂളുകൾക്കായി ഒരു ദിവസം ആകെ 24എണ്ണം പത്രം 200 അധ്യയനദിവസങ്ങളിലായി ഒരെണ്ണത്തിന് അഞ്ച് രൂപ പ്രകാരം വിതരണംചെയ്യുന്നത്. ഇതിനായി വകയിരുത്തിയിട്ടുള്ള വികസനഫണ്ടിന്റെ മുഴുവൻ തുകയും മുൻകൂറായി പിൻവലിച്ച് നൽകി.ജി.ഒ.(എം.എസ്)362/ 13തീ.16.11.2013ലെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13(xi)എ പ്രകാരം പദ്ധതി നിർവ്വഹണത്തിനായി മുൻകൂർതുക

നൽകുന്നതിന് ധനകാര്യവകുപ്പിന്റെ 12.04.2006 ലെ ജി.ഒ.(പി)177/06 ഫിൻ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും അതിൽ പറഞ്ഞ ഇനങ്ങൾക്കും മാത്രമായിരിക്കും. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്. 25.02.2016 തീയ്യതിയിൽ പിൻവലിച്ച ബില്ലിന്റെ വൗച്ചറുകളായി 31.03.2016 വരെ പത്രം ലഭിച്ചതായുള്ള സ്കൂൾ ഹെഡ് മാസ്റ്റർമാരുടെ സാക്ഷ്യപത്രവും വാങ്ങിസൂക്ഷിച്ചതായി കാണുന്നു. അതുപോലെ മറ്റുപല പത്രസ്ഥാപനങ്ങളും കുട്ടികൾക്കായി സ്കൂളുകളിൽ പത്രവിതരണം നടത്തുമ്പോൾ നൽകാറുള്ള വലിയ ഇളവുകളും ഇവിടെ ലഭിച്ചുകാണുന്നില്ല. കൂടാതെ അടിസ്ഥാനപരമായി സർക്കാർ ഹൈസ്കൂളുടെയും, ഹൈസ്കൂളുകളോട് ചേർന്നുകിടക്കുന്ന യു.പി, എൽ.പി സ്കൂളുകളുടെയും പരിപാലന ചുമതല ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. ആയതിനാൽ അവയുടെ പരിപാലനം സർക്കാർ അനുമതി നൽകിയിട്ടുള്ള മേഖലയിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതായുണ്ട്. ഇപ്രകാരം ചെയ്ത് കാണുന്നില്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടുമില്ല. അപാകതകൾക്ക് മറുപടി നൽകാത്തതിനാൽ ചെലവഴിച്ച 24000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 3-4 ഐ.സി.ഡി.എസ് സൂപ്രവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ പൊതു അപാകങ്ങൾ

എ) പൂരക പോഷകാഹാരവിതരണം സംബന്ധിച്ച നടപടികളിലെ വീഴ്ചകൾ .

2015-16 വർഷത്തിൽ അംഗൻവാടികൾക്കുള്ള പൂരകപോഷകാഹാരവിതരണം എന്ന പ്രൊജക്ടിന് പദ്ധതി വിഹിതമായി 13,07,942/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ 19 അംഗൻവാടികൾക്കാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഓരോ അംഗൻവാടികളിലും ആവശ്യമായ സാധനങ്ങൾ നിശ്ചിത അളവിൽ വിതരണം ചെയ്തതായി ICDS സ്റ്റോക്ക് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്ററിലും ലഭിച്ച സാധനങ്ങൾ സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തൽ നടത്തേണ്ടതും, യഥാർത്ഥവിനിയോഗം കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. വിതരണംചെയ്തിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. സാധനങ്ങൾ വിതരണംചെയ്തത് സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ കൈവശമുള്ള സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങളും, അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളിലെ വിവരങ്ങളും പൊരുത്തപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അംഗൻവാടികളിലെ കുട്ടികളുടെ ഹാജർ പരിശോധിക്കേണ്ടതും ലഭിച്ച ഭക്ഷ്യധാന്യങ്ങളുടെ വിനിയോഗം കുട്ടികളുടെ ഹാജറിന് അടിസ്ഥാനമാക്കിയുള്ളതാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ബി) അംഗൻവാടികൾക്ക് കളി ഉപകരണങ്ങൾ വിതരണം ചെയ്യൽ – അപാകങ്ങൾ സംബന്ധിച്ച്

പ്രോജക്ട് നം. 15/16 പ്രകാരം 2,37,470/- രൂപ ചെലവഴിച്ച് (ബിൽ നം. 6/2015-16) അംഗൻവാടികൾക്ക് കളിഉപകരണങ്ങൾ വാങ്ങിവിതരണം ചെയ്തിട്ടുണ്ട്. ആകെയുള്ള 19 അംഗൻവാടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലല്ല പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 7 slider, 4 Merry Go round എന്നയിനം ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. ഇവയ്ക്കെല്ലാമായി 2,37,470/-ചെവഴിച്ചിട്ടുണ്ട്.എന്നാൽ ആകെ 11 അംഗൻവാടികൾക്ക് മാത്രമാണ് ഇവ വിതരണംചെയ്തിട്ടുള്ളത്. ആകെയുള്ള 19 അംഗൻവാടികൾക്കും പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ളതും, അംഗൻവാടികളുടെ സ്ഥലസൗകര്യത്തിന് യോജിച്ചവിധത്തിലുള്ള തുമായ സാമഗ്രികളല്ല ഈ പ്രൊജക്ടിന്റെ ഭാഗമായി പർച്ചേസ് ചെയ്തിട്ടുള്ളത്. ഉപകരണങ്ങൾ

വാങ്ങുന്നതിനുള്ള ടെണ്ടർ പരസ്യത്തിൽ വാങ്ങാനുദ്ദേശിക്കുന്ന സാമഗ്രികളുടെ തരം ( specification) ഏതാണെന്ന് വ്യക്തമാക്കിയിട്ടില്ല. 7 Merry Go Round, 3 Slider എന്നയിനങ്ങൾ ആവശ്യമുണ്ട് എന്നരീതിയിലാണ് പരസ്യം ചെയ്തിരുന്നത്. എന്നാൽ ടെണ്ടർ സമർപ്പിച്ച ഏജൻസി Merry Go round എന്നയിനത്തിന്റെ വ്യത്യസ്ത നിരക്കിലുള്ള 12 തരം സാധനങ്ങളുടെ വിലയാണ് ക്വാട്ട്ചെയതിരുന്നത്. ഇതിൽ പ്രോജക്ട് ചെലവ് തുക പൂർണ്ണമായും വിനിയോഗിക്കാൻ പറ്റുന്ന തരത്തിലുള്ള ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുക എന്നതിനാണ് ഈ പ്രോജക്ടിൽ മുൻഗണന ലഭിച്ചത് എന്ന് കാണാവുന്നതാണ്. ഈ പർച്ചേസിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പർച്ചേസ് കമ്മറ്റിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ കുറഞ്ഞവിലയിൽ കൂടുതൽപേർക്ക് പ്രയോജനപ്പെടുന്ന സാമഗ്രികൾ വാങ്ങുന്നതിന് മുൻഗണന നൽകേണ്ടതാണ്. ടെണ്ടർ പരസ്യത്തിൽ ആവശ്യമായ സാമഗ്രികളുടെ തരം പ്രത്യേകം വ്യക്തമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റ് ബി4 പത്രികയിൽ ഐ.സി.ഡി.എസ്. ഹെഡിൽ 1,27,632 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 മാലിന്യസംസ്കരണ പരിപാടികൾ - നിർവ്വഹണത്തിൽ അപാകതകൾ

മാലിന്യ പരിപാലനത്തിന് മുന്തിയ പരിഗണനനൽകി തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണത്തിന് കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് പന്ത്രണ്ടാം പദ്ധതി ആസൂത്രണമാർഗ്ഗരേഖയിൽ ആമുഖമായി പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് 2015-16 വർഷം വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനും, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.എന്നാൽ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ സംഭവിച്ചുണ്ട് .

ഉറവിട മാലിന്യസംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വീടുകളിൽ മാലിന്യ സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 29.02.2016 ലെ 61//സി1/ 2016/എസ്.എം ഉത്തരവ് പ്രകാരം പ്രൊജക്ട് നിർവ്വഹണത്തിന് അനുമതി നൽകിയപ്പോൾ വിശദമാക്കിയിട്ടുണ്ട്. ഇതിൽ യൂണിറ്റുകളുടെ വില, സ്പെസിഫിക്കേഷൻ, പണം നൽകുന്നതിനുള്ള വ്യവസ്ഥകൾ, സബ്സിഡി നിരക്ക്, മറ്റു നടപടി ക്രമങ്ങൾ എന്നിവ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

മേൽ പറഞ്ഞിട്ടുള്ള രണ്ട് പ്രൊജക്ടുകളും റെയ്ഡ്കോ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. 500 എണ്ണം പൈപ്പ് കമ്പോസ്റ്റും 30 എണ്ണം ഗാർഹിക ബയോഗ്യാസ് പ്ലാന്റുമാണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചത്. ആകെ 374 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റും 30 ഗാർഹിക ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്. ആവശ്യമായ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും ചെയ്തു.

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുമ്പോൾ നിർമ്മാണ വേളയിൽതന്നെ നിശ്ചിത ഡിസൈൻ, സ്റ്റാന്റേർഡ്, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരമാണോ എന്നും അവ നിശ്ചിത വ്യാപ്തം ഉൾക്കൊള്ളാൻ പര്യാപ്തമാണോ എന്നും തദ്ദേശഭരണ സ്ഥാപനത്തിലെ എഞ്ചിനിയർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു പരിശോന നടത്തിയിട്ടില്ല. പൂർത്തീകരണ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടുമില്ല. എന്നാൽ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ടിൽ 374 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റും 30 ഗാർഹിക ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രശീതി പുസ്തകത്തിലെ (14174,14175) രശീതികൾ ഡബിൾസൈഡ് കാർബൺ ഉപയോഗിക്കാതെയാണ് ഉപയോഗിച്ചിട്ടുള്ളത്. അതുപോലെ പിരിച്ചെടുത്ത രശീതികളിലെ തീയ്യതികളിൽ വെട്ടലും തിരുത്തലും നടത്തിയിട്ടുണ്ട്. ഇത് മനപൂർവ്വം സംഭവിച്ചതല്ലെന്നും സ്വാഭാവികമായി വന്ന തെറ്റാണെന്നും വി.ഇ.ഒ അറിയിക്കുകയുണ്ടായി. വളരെയധികം ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ട പണം അലക്ഷ്യമായി കൈകാര്യം ചെയ്തത് മൂലമാണ് ഇങ്ങനെ സംഭവിച്ചത്. ഭാവിയിൽ തെറ്റ് ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രൊജക്ടിന്റെ തുടർപ്രവർത്തനം നടത്തുമ്പോൾ ഇത്തരത്തിലുള്ള വീഴ്ചകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സുസ്ഥിര പ്ലാസ്റ്റിക് മാലിന്യപരിപാലന പരിപാടി തുടർപ്രവർത്തനം നടന്നില്ല- നിർവ്വഹണത്തിൽ അപാകതകൾ

പ്രൊജക്ടിന്റെ പേര് -സുസ്ഥിര പ്ലാസ്റ്റിക് മാലിന്യപരിപാലന പരിപാടി

പ്രൊജക്ട് നം -103/16

അടങ്കൽ -200000/- തനത്ഫണ്ട്

പഞ്ചായത്തിലെ മുഴുവൻ വീടുകളിലെയും പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശത്തിലാണ് മേൽ പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് തെരഞ്ഞെടുക്കപ്പെട്ട മൂന്ന് വളണ്ടിയർമാർ തരം തിരിച്ച് അവ വാടക വണ്ടിയിൽ സംസ്കരണ കേന്ദ്രത്തിലെത്തിക്കുന്നതാണ് പ്രൊജക്ട്. പ്രൊജക്ട് നടപ്പിലാക്കുന്നതിന് 2,00,000/-രൂപ വകയിരുത്തിയിരുന്നെങ്കിലും ആകെ ചെലവഴിച്ച തുക 8025/-രൂപമാത്രമാണ്. വണ്ടിവാടകയായി 6000/-രൂപയും വളണ്ടിയർമാർക്ക് ബാക്കിതുകയും നൽകി. വളണ്ടിയർമാർ എത്ര ദിവസം മാലിന്യം ശേഖരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. വണ്ടിവാടകയായി ദിവസക്കൂലി അടിസ്ഥാനത്തിൽ പ്രതിമാസം 4500/- രൂപക്കാണ് ക്വട്ടേഷൻ നൽകിയിട്ടുള്ളത്. എത്ര ദിവസം വണ്ടി ഓടിയെന്നോ ഏതൊക്കെ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ചെന്നോ ഉള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. കൂലി വ്യവസ്ഥകൾ വ്യക്തമാക്കിക്കൊണ്ട് ഡ്രൈവറുമായി വിശദമായ കരാർ വച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയിൽ 2015-16 വർഷം അവസാന മാസങ്ങളിലാണ് പദ്ധതി നടത്തിയതെന്നും ആയതിനാൽ പ്രതീക്ഷിത ചെലവ് കൈവരിക്കാൻ സാധിച്ചില്ലെന്നും അറിയിക്കുകയുണ്ടായി. എന്നാൽ പദ്ധതി തുടർന്ന് നടപ്പിലാക്കാത്തത് പ്രൊജക്ട് നടത്തിപ്പിലെ പോരായ്മയാണ്. എല്ലാ അപാകതകളും പരിഹരിച്ച് കുറ്റമറ്റരീതിയിൽ പ്രൊജക്ടിന്റെ തുടർപ്രവർത്തനം നടത്തേണ്ടതാണ്.

## 3-7 അർഹത ഉറപ്പ് വരുത്താതെ ആനുകൂല്യം നൽകി .

2015 -16 വർഷം പ്രൊജക്ട് നം 2/16പ്രകാരം വീട് പുനരുദ്ധാരണം, പ്രൊജക്ട് നം,4/16പ്രകാരം കുടിവെള്ള കിണർ നിർമ്മാണം എന്നീ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വീട് പുനരുദ്ധാരണം നടത്തുന്നതിന് 25000/-രൂപ വീതം 28 പേർക്കും(ബിൽനം.2/ 27.02.16 – 250000/-രൂപ, ബിൽനം.7/21.03.16 - 450000/-), കുടിവെള്ള കിണർ നിർമ്മാണത്തിന് 6 പേർക്ക് 17000/-രൂപ വീതവും (ബിൽ നം.5/19.03.16 – 16058/-, ബിൽ നം.6/19.03.16 -51942/-, ബിൽനം.4/15.03.16 – 34000/-) പ്രകാരം സബ്സിഡി നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്) 362/13 തീ.16.11.2013ലെ പദ്ധതി ആസൂത്രണ/ സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16ഖണ്ഡിക 2.11, 2.12എന്നിവ

പ്രകാരം ഗുണഭോക്താക്കളുടെ വരുമാനം സംബന്ധിച്ച അർഹതാമാനദണ്ഡങ്ങൾ പാലിച്ചു എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. വാർഷിക വരുമാനം 50,000/-രൂപക്ക് വിധേയമായി ബി.പി.എൽ. ലിസ്റ്റിൽപെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അന്വേഷിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നാണ്. എന്നാൽ അന്വേഷണ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ആകെ 1,72,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമല്ല.

പ്രോജക്ടിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലനം

പ്രോജക്ട് നം : 60/16

വകയിരുത്തിയത് : 93750/. വികസന ഫണ്ട്

187500/. ഗുണഭോക്തൃ വിഹിതം

ചെലവ് : 93750/. ബിൽ നം 9/15-16തീയതി 21/3/16

2015-16 കാലയളവിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 15 ഗുണഭോക്താക്കൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ 93750/. രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി., കണ്ണൂർ ന് ഡി.ഡി നം 722825തീയതി 23.3.2016 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തിയാക്കിയത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-9 റോഡ് പ്രവൃത്തികളിലെ ഒഴിഞ്ഞ ടാർ ബാരൽ വിലയിനത്തിൽ തനത് ഫണ്ടിൽ നിക്ഷേപിച്ച തുക ബന്ധപ്പെട്ട അകൗണ്ടുകളിലേക്ക് തിരിച്ചടക്കേണ്ടതാണ്.

2015-16കാലയളവിൽ നിർവ്വഹണംനടത്തിയ റോഡ് പ്രവൃത്തികളിൽ നിന്നുള്ള ഒഴിഞ്ഞടാർബാരൽ വിലയിനത്തിലെ 56,286രൂപ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ 59827/ എഫ്.എം./07 ത.സ്വ.ഭ.വ 30-10-2007 അനുസരിച്ച് താർബാര്ല വിലയിനത്തിൽ ലഭിക്കുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി.ഒ.പി.നം. 177/06 ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10-3 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായി തിരിച്ചടക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനം താർ വാങ്ങി നൽകിയിട്ടില്ലാത്ത പ്രൊജക്ടിലും ഏതു ഫണ്ടാണോ പ്രസ്തുത പ്രൊജക്ടിന് ചെലവഴിക്കുന്നത് ആ ഫണ്ടിലേക്ക് പ്രസ്തുത തുക ഒടുക്കവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഇ.ടെണ്ടർ -ടെണ്ടർഫോറം വില തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2015-16 ൽ നിർവ്വഹണം നടത്തിയ 43 മരാമത്ത് പ്രവൃത്തികളിൽ താഴെപറയുന്ന 2 പ്രവൃത്തികൾ . ഇ.ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്.

| പ്രൊജക്ട് നം | അടങ്കൽ തുക | ടെണ്ടർ ഫോറം വില |
|---|---|---|
| 111/16 | 6,35,000/- | 1300 |
| 94/16 | 6,82,000/- | 1400 |
| ആകെ | | 2700 |

ഇ-ടെണ്ടർ മുഖേന കരാറുകാർ ഒടുക്കിയ ടെണ്ടർഫോറം വിലയായ 2700രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ഈ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയായതിനാൽ പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ളനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തികളുടെ ഗ്യാരണ്ടികാലയളവിലെ അറ്റകുറ്റപണികൾ കരാറുകാർ തന്നെ പരിഹരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നിർവ്വഹണം പൂർത്തിയാക്കിയ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ഗ്യാരണ്ടികാലയളവിലുണ്ടാകുന്ന തകരാറുകൾ പ്രസ്തുത കരാറുകാർ തന്നെ നിർവ്വഹിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മരാമത്ത് പ്രവൃത്തിയുടെ എഗ്രിമെന്റിൽ ഗ്യാരണ്ടികാലയളവിനുള്ളിൽ സംഭവിക്കുകയോ കാണുകയോ ചെയ്യുന്ന എല്ലാ തകരാറുകളും സ്വന്തം ചെലവിൽ പരിഹരിക്കുന്നതിന് കരാറുകാരന് പൂർണ്ണ ഉത്തരവാദിത്തം ഉണ്ടായിരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമായി നടപ്പാക്കുന്നുണ്ട് എന്ന് വ്യക്തമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും റോഡ് ടാറിംഗ് പ്രവൃത്തികളാണ്. 2 വർഷമാണ് പുതിയ റോഡിന്റെ ഗ്യാരണ്ടി കാലയളവ്. ഈ കാലയളവിൽ ഉണ്ടാകുന്ന തകരാറുകൾ കരാറുകാരൻ തന്നെ പരിഹരിക്കേണ്ടതുണ്ട്. റോഡ് പ്രവൃത്തിയുടെ ഭാഗമായി ഓരോ പദ്ധതിവർഷത്തിലും റോഡിന്റെ കുഴിഅടക്കൽ എന്നയിനം പ്രവൃത്തികൾ ധാരാളമായി നിർവ്വഹിക്കുന്നുണ്ട്. ഈ റോഡുകളുടെയെല്ലാം ഗ്യാരണ്ടികാലയളവ് കഴിഞ്ഞിട്ടാണോ ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുവാൻ പുതിയ കരാർ നൽകുന്നത് എന്ന് വ്യക്തമല്ല. ഇത്തരം വിവരങ്ങൾ പരിശോധിക്കുന്നതിന് അടിസ്ഥാനമാക്കാൻ സഹായകമായ രീതിയിലുള്ള റോഡ് രജിസ്റ്റർ ലഭ്യവുമല്ല. ആയതിനാൽ ഈ പ്രവർത്തനങ്ങൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

## 3-12 തുടർസാക്ഷരതപ്രവർത്തനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 3 തുടർസാക്ഷരത കേന്ദ്രങ്ങളാണുള്ളത്. ഈ കേന്ദ്രങ്ങളിലെ തുടർനടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2015-16 വ്രഷം ആകെ 1,59,140രൂപ ചെലവഴിക്കുകയുണ്ടായി. എന്നാൽ 96,660 /- രൂപ മാത്രമേ സംസ്ഥാന സാക്ഷരതാ സമിതിയിൽ നിന്നും തിരികെ ലഭിച്ചിട്ടുള്ളൂ. ലഭിക്കുവാൻ ബാക്കിയുള്ള 62,480 രൂപ തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 പെൻഷൻ- ക്ഷേമപെൻഷൻ രേഖകളും രജിസ്റ്ററുകളും കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളിലൂടെ വിതരണംചെയ്യുന്ന വിവിധ ക്ഷേമപെൻഷൻ സംബന്ധിച്ച് നടപടിക്രമങ്ങൾ വളരെ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്. ക്ഷേമപെൻഷനുകളുടെ അപേക്ഷ സ്വീകരിക്കലും, ധനസഹായ വിതരണവും സംബന്ധിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്ററിൽ അപേക്ഷ സ്വീകരിച്ച് പെൻഷൻ വിതരണം ചെയ്യുന്നതുവരെയുള്ള നടപടിക്രമങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പെൻഷൻ അപേക്ഷകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ലഭിച്ച തീയതി സഹിതം രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകളിന്മേൽ അന്വേഷണഉദ്യോഗസ്ഥർക്ക് കൈമാറുന്ന തീയതി, അന്വേഷണറിപ്പോർട്ട് സഹിതം തിരിച്ചുകിട്ടുന്ന തീയതി, ക്ഷേമകാര്യ സ്റ്റാൻറ്റിംഗ് കമ്മറ്റി, ഭരണസമിതി എന്നിതലങ്ങളിൽ പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനം എടുത്ത വിവരങ്ങൾ, പെൻഷൻ അനുവദിച്ച തീയതി, ഓരോ തവണയും പെൻഷൻ ആനുകൂല്യം നൽകുന്ന വിവരങ്ങൾ എന്നിവയെല്ലാം കൃത്യമായി ബന്ധപ്പെട്ട പെൻഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

സർക്കാർ ഉത്തരവ് നം. 57414/ഡി,പി 1/2003 ത.സ്വ.ഭ. വ തീയതി 18-12-2003 ൽ ക്ഷേമപെൻഷൻ അപേക്ഷകളിൽ, അർഹത നിർണ്ണയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിച്ച, തിരസ്കരിച്ച അപേക്ഷകളുടെ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ അനുവർത്തിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

വാർദ്ധക്യകാല പെൻഷൻ അപേക്ഷകരിൽ 80 വയസ്സ് പൂർത്തിയായവർക്ക് വ്യത്യസ്ത നിരക്കിലാണ് പെൻഷൻ നല്കിവരുന്നത് എന്നതിനാൽ അപേക്ഷകരുടെ പ്രായം അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

തൊഴിൽ രഹിതവേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ വേതനം കൈപ്പറ്റുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ്. ഗുണഭോക്താക്കളിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട് പ്രത്യേക സർക്കാർ ഉത്തരവുമൂലം പുതുക്കിയവർക്ക് തൊഴിൽ രഹിതവേതനത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചും പരിശോധന നടത്തേണ്ടതാണ്.

ജി.ഒ.(എം.എസ്) 59/2013 സാമൂഹ്യ നീതി വകുപ്പ് തീയതി 20-7-2013 ഉത്തരവിൽ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷീക വരുമാന പരിധി 3 ലക്ഷമായി ഉയർത്തുകയുണ്ടായി. എന്നാൽ ജി.ഒ.(എം.എസ്) 52/14 സാ.ക്ഷേ.വകുപ്പ് തീയതി-20-6-2014 ഉത്തരവിലൂടെ 3 ലക്ഷമെന്ന വരുമാന പരിധി പിൻവലിക്കുകയും, വരുമാനപരിധി 1-4-2014 മുതൽ 1 ലക്ഷമായി ഏകീകരിക്കുകയും ചെയ്തു. 3 ലക്ഷം വാർഷീക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച ഗുണഭോക്താവിനും തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ നൽകേണ്ടത് 1 ലക്ഷം രൂപ വാർഷീക വരുമാനപരിധി നിശ്ചയിച്ചുകൊണ്ടായിരിക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഈയിനത്തിൽ എത്രപേർ അനർഹമായി പെൻഷൻ കൈപ്പറ്റുന്നുണ്ട് എന്ന് പരിശോധന നടത്തി അനർഹരെ ഒഴിവാക്കേണ്ടതാണ്.

2/2005മുതൽ ക്ഷേമപെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറുന്ന സമ്പ്രദായം നിലവിൽ വന്നതിനാൽ സ്ഥലം മാറിപോയതും, മരണപ്പെട്ടതുമായ ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരികെ ഈടാക്കാൻ നിലവിൽ സംവിധാനമില്ല. അതുകൊണ്ടുതന്നെ മുൻകാലങ്ങളിൽ ലഭിച്ചതുപ്പോലെ പെൻഷൻ മണിയോർഡർ റിട്ടേൺ തുക ലഭിക്കുന്നില്ല. ഒരു പെൻഷൻ ഗുണഭോക്താവ് മരിച്ചുപോയാൽ മരണം നടന്ന കാലയളവുവരെയുള്ള പെൻഷൻ കുടിശ്ശിക അനന്തരാവകാശികൾക്ക് 1500 രൂപവരെയുള്ളത് വില്ലേജ് ഓഫീസർ നൽകുന്ന അനന്തരാവകാശ

സർട്ടിഫിക്കറ്റ് ഹാജരാക്കിയും, 1500 രൂപയ്ക്ക് മുകളിലുള്ളത് തഹസിൽദ്ദാറിൽ നിന്നുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയും നൽകാമെന്ന് നിലവിൽ വ്യവസ്ഥയുണ്ട്.

പെൻഷൻ ഗുണഭോക്താക്കളുടെ തുടർ പെൻഷൻ അർഹത പരിശോധിക്കുന്നതിനും, പെൻഷൻ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും നടപടിസ്വീകരിക്കേണ്ടതാണ്. കൂടാതെ ഓരോ പെൻഷൻ പദ്ധതിക്കും സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള രജിസ്റ്റർ തയ്യാറാകി വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുത്തേണ്ടതാണ്. ലഭിച്ച അപക്ഷകൾ യഥാസമയം അന്വേഷണത്തിന് സമർപ്പിക്കേണ്ടതും, അന്വേഷണഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, സ്റ്റാൻറ്റിംഗ് കമ്മറ്റി തീരുമാനവും ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത് സംമ്പന്ധിച്ച വിവരങ്ങളും കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്. അക്കൗണ്ട് വഴിയുള്ള പെൻഷൻ വിതരണം സംബന്ധിച്ച മുഴുവൻ പ്രവർത്തനങ്ങളും വിശദമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 75000 | സാന്ത്വന പരിചരണപദ്ധതി | 74971 | 29 |
| ജില്ലാ പഞ്ചായത്ത് | 149675 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 149675 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര സ്കൂട്ടർ | 49000 | 1000 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | അംഗൻവാടി കെട്ടിടനിർമ്മാണം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 133000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 133000 | 0 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം./ബിൽ നം. | തുക | | തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അംഗൻവാടി കുഴൽകിണർ കെട്ടിടനിർമ്മാണം | ബിൽ 15/30.12.15 | 64000 | 64000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

വാർഷിക ധനകാര്യ പത്രിക ബി-18 പത്രികയിൽ 1,05,305 രൂപ അഡ്വാൻസ് ഹെഡിൽ കാണിച്ചിട്ടുണ്ട്. ഈ തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇ.എം.എസ്. ഭവന പദ്ധതിക്കായി 2396525/- രൂപയുടെ വായ്പക്ക് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 274/2010 /ത.സ്വ.ഭ.വ തീ:22/01/2010 | 2396525/ | 990275 | 0 | 562500 | 127281 | 427775 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2160/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2004-05 | 2-2 | 480 | ഹെഡ് മാസ്റ്റർ കുന്നനമീത്തൽ LPS | 11501103325/ 25.1.16 |
| 2004-05 | 2-2 | 480 | ഹെഡ്മാസ്റ്റർ എരുവട്ടി LPS | 11501104175/ 29.2.16 |

| | | | | |
|---|---|---|---|---|
| 2003-04 | 2-2 | 1200 | ഹെഡ്മാസ്റ്റർ ഓലായിക്കര LPS | 11501105259/ 30.3.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 2,40,67,084 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 2,91,95,546 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,96,000 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 24,000 | പി.പി.വിനോദ് കുമാർ,ഹെഡ് മാസ്റ്റർ |
| 3-7 | 1,72,000 | കവിത.കെ.കെ,വി,ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല .

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളു ടെ എണ്ണം |
|---|---|---|
| 2003-04 | എൽ.എഫ്.കെ.എൻ.ആർ./സി10 /1296 /2015 -1<br>തീയതി 11-8-2015 | 2 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ./ സി10 /-1296 /2015 -2<br>തീയതി 11-8-2015 | 3 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ./സി 10 /1296 /2015 - 3<br>തീയതി 11-8-2015 | 2 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ./സി 10 /1296 /2015 - 4<br>തീയതി 11-8-2015 | 3 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ./സി 10 /1296 /2015 - 5<br>തീയതി 11-8-2015 | 1 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ./സി10/1296/2015- 6<br>തീയതി 11-8-2015 | ഇല്ല |
| 2009-10<br>2010-11 | എൽ.എഫ്.കെ.എൻ.ആർ./സി 10/1296/2015- 7<br>തീയതി 11-8-2015 | 6 |
| 2011-12<br>2012-13 | എൽ.എഫ്.കെ.എൻ.ആർ./സി 10/484 /2015-<br>തീയതി 5-8-2015 | 6 |
| 2013-14,<br>2014-15 | എൽ.എഫ്. കെ.എൻ.ആർ./സി 10/1385/2016-<br>തീയതി 03--8-2016 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ /സി18/2096/16.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.

ഫോൺ: 0497 2707698.

ഇ.മെയിൽ: lfaddistofficeknr@kerala.gov.in

തീയ്യതി: 30-12-2016.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ.

# AUDIT CERTIFICATE

No. KSA/KNR/C8/2096/2016.

Kerala State Audit Department

District Audit Office, kannur-670001.

Phone: 0497 2707698.

E-Mail : lfaddistofficeknr@gmail.com

Date: 30-12-2016.

Certified that I have audited the Annual Financial Statement of Kottayam Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Kottayam Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director.

# Annexure-2

# Balance Sheet

Kottayam Grama Panchayat

As on 31 March 2016

| Code No | Description of Items | ScheduleNo. | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 1023992.03 |
| 311000000 | Earmarked Funds | B-2 | 29694.00 |
| 312000000 | Reserves | B-3 | 25700365.00 |
| | Total Reserve & surplus | | 26754051.03 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 144744.00 |
| | Total Grants,Funds & Contributions for Specific Purposes | | |
| | Loans | | |
| 330000000 | Secured Loans | B-5 | 427775.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 272976.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 763633.97 |
| | Total Current Liabilities and Provisions | | 1036609.97 |
| | TOTAL LIABILIITIES | | 28363180.00 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 28861238.00 |
| 411000000 | Accumulated Depreciation | B-11 | (6201190.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 22660048.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 807338.00 |
| 440000000 | Pre-paid Expenses | B-16 | 427775.00 |
| 450000000 | Cash and Bank balance | B-17 | 436714.00 |
| 460000000 | Loans,Advances and Deposits | B-18 | 105305.00 |
| | Total Current Assets,Loans and Advances | | 5703132.00 |
| | Total Assets | | 28363180.00 |

# Annexure-3

# Income & Expenditure Statement

Kottayam Grama Panchayat

For the period from 01-April 2015 to 31 March 2016

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 2,665,225.00 |
| 130000000 | Rental Income from panchayath properties | 1-3 | 164,088.00 |
| 140000000 | Fee &User charges | I-4(b) | 382,526.00 |
| 150000000 | Sale &Hire Charges | I-5(b) | 114,332.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 39,263,005.00 |
| 171000000 | Interest Earned | I-8 | 51,746.00 |
| 180000000 | Other income | I-9 | 219,144.00 |
| A | Total Income | | 42,860,066.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 6,240,732.00 |
| 220000000 | Administrative Expenses | I-11(b) | 746,689.00 |
| 230000000 | Operations & Maintanance | I-12(b) | 374,705.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 2,687,681.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 10,642,590.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 520,548.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 349,560.00 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 17,821,139.00 |
| 255000000 | Maintenance Projects | I-14(e) | 2,547,656.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 113,300.00 |
| 272000000 | Depreciation | 1-17(a) | 1,352,688.00 |
| B | Total - Expenditure | | 43,397,288.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (537,222.00) |
| D=280000000 | Prior period Item | I-18 | (12,723.00) |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | (524,499.00) |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

# Annexure-4

# Receipt & Payment Statement

Kottayam Grama Panchayat

For the period from 01 April 2015 to 31 March 2016

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 9,316,006.00 |
| | Cash | RP-40(a) | 175,170.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 513,802.00 |
| 140000000 | Fees & User Charges | RP- 4 | 318,490.00 |
| 150000000 | Sale & Hire Charges | RP- 5 | 112,472.00 |
| 160000000 | Revenue Grants ,Funds,Contributions & Compensations | RP- 7 | 5,759,244.00 |
| 171000000 | Interest Earned | RP- 9 | 51,746.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 14,774,517.00 |
| 350000000 | Other Liabilities | RP-36 | 48,850.00 |
| Non Operating | | | |
| 180000000 | Other income | RP-10 | 144.00 |
| 311000000 | Earmarked Funds | RP-29 | 18,036.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP- 34 | 198,535.00 |
| 350000000 | Other Liabilities | RP- 36 | 86,571.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 1,822,647.00 |
| 460000000 | Loans,Advances and Deposits | RP- 47 | 362,030.00 |
| Grand Total | | | 33,558,260.00 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 1,034,932.00 |
| 220000000 | Administrative Expenses | RP-12 | 746,689.00 |
| 230000000 | Operatations & Maintanance | RP-13 | 374,705.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 1,037,535.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 5,461,881.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 520,548.00 |
| 253000000 | Decentralised plan programme – Projects not included in Sector | RP-18 | 349,560.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 439,824.00 |
| 255000000 | Maintanance Projects | RP-20 | 2,547,656.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | RP-21 | 113,300.00 |
| 280000000 | Prior period Item | RP-26 | -10,563.00 |

| | | | |
|---|---|---|---|
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 0.00 |
| 350000000 | Other Liabilities | RP-36 | 3,903,347.00 |
| Non Operating | | | |
| 280000000 | Prior period Item | RP-26 | -2,160.00 |
| 311000000 | Earmarked Funds | RP-29 | 32,000.00 |
| 330000000 | Secured Loans | RP-32 | 562,500.00 |
| 340000000 | Deposit Received | RP-34 | 96,591.00 |
| 350000000 | Other Liabilities | RP-36 | 1,129,997.00 |
| 410000000 | Fixed Assets | RP-38 | 10,306,869.00 |
| 460000000 | Loans,Advances and Deposits | RP-47 | 550,335.00 |
| | Closing Balance | | |
| | Bank | RP-40(b) | 4,296,862.00 |
| | Cash | RP-40(b) | 65,852.00 |
| Grand Total | | | 33,558,260.00 |